നെടുമങ്ങാട് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

27 (6732) ശ്രീ. പാറോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നാണ് അനുമതി ലഭിച്ചതെന്നും ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) അടിയന്തരമായി ഡയാലിസിസ് യൂണിറ്റ് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ 5-2-2013-ലെ സ.ഉ.(സാധാ) നമ്പർ.114/13/നികുതി വകുപ്പുപ്രകാരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യാ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്.

(ബി&സി) 5-2-2013-ലാണ് സ.ഉ(സാധാ) നമ്പർ. 114/13/നികുതി വകുപ്പ് പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനുള്ള അനുമതിക്ക് ഉത്തരവായത്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ വേണ്ടിയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിനാൽ തീരുമാനമാകുന്ന മുറയ്ക്ക് നികുതി വകുപ്പ് മറ്റ് സജ്ജീകരണങ്ങൾ ഒരുക്കുന്നതാണ്.

മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വക ഭൂമി കയ്യേറ്റം

28 (6733) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി വ്യാപകമായി കയ്യേറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി സർവ്വേ നടത്തി കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മങ്കട സി.എച്ച്.സി. വക ഭൂമി പെരിന്തൽമണ്ണ താലൂക്ക് സർവ്വെ ഓഫീസർ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നതുവരെ കയ്യേറി എന്ന് പറയുന്ന ഭാഗത്തെ മതിലിന്റെ നിർമ്മാണം നിർത്തി വയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

എസ്.എ.ടി., എച്ച്.എച്ച്. എംപ്ലോയ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം

29 (6734) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ എസ്.എ.ടി. ആശുപത്രി കേന്ദ്രമായി എസ്.എ.ടി.എച്ച്.എച്ച്.ഇ. എസ്. എന്ന സംഘടനയ്ക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതു നിയമപ്രകാരം പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സംഘടനയ്ക്ക് അനുമതി നൽകുമ്പോൾ ബൈലോ ഭേദഗതി സംബന്ധിച്ച് ഏതെങ്കിലും നിബന്ധനകൾ നിഷ്കർഷിച്ചിരുന്നോ ; വിശദമാക്കാമോ ;

(സി) പ്രവർത്തനം ആരംഭിച്ചശേഷവും നാളിതുവരെയും സംഘടനയുടെ ബൈലോകൾ ഭേദഗതി ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണയെന്നും ഇതിന് സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത സംഘടന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ ;

(ഇ) പ്രസ്തുത സംഘടനയ്ക്ക് മെഡിക്കൽ കോളേജ് വളപ്പിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ സ്ഥാപനങ്ങൾ നടത്തി വരുമാനം ഉണ്ടാക്കുന്നതിനോ അനുമതി നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. എസ്.എ.ടി. ആശുപത്രി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ/റൂൾസ് ആന്റ് റഗുലേഷൻസ് പ്രകാരം പ്രവർത്തിക്കുന്നതിന് 18-3-1994-ലെ G.O.(MS)58/94/H&FWD നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly